# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *246 — 18/06/2019-ൽ മറുപടിക്ക്

## ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര**<br>**,, വി.ഡി.സതീശൻ**<br>**,, വി.ടി.ബൽറാം**<br>**,, ഷാഫി പറമ്പിൽ** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ചില ശിപാർശകൾ നടപ്പിലാക്കുക വഴി കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ വലിയ ഒരു അനിശ്ചിതത്വത്തിലേക്കും സംഘർഷത്തിലേക്കും തള്ളിവിട്ട സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | എ) വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടവരുമായി നടത്തിയ വിശദമായ ചർച്ചകളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിലാണ് ഖാദർ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയത്. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന രീതിയും കാര്യങ്ങളും സംസ്ഥാനത്തെ അദ്ധ്യാപക-അനദ്ധ്യാപക സർവ്വീസ് സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും മാനേജ്മെന്റ് പ്രതിനിധികളുമായും വിശദമായി ചർച്ച ചെയ്തശേഷമാണ് റിപ്പോർട്ടിലെ ചില ശുപാർശകൾ സർക്കാർ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ അനിശ്ചിതത്വമോ സംഘർഷമോ നിലനിൽക്കുന്നില്ല. |
| ബി) സ്കൂൾ വിദ്യാഭ്യാസരംഗത്തെ അടിമുടി അഴിച്ചുപണിയുന്നതിന് ശിപാർശ നൽകുവാൻ നിയോഗിച്ച കമ്മിറ്റി പൂർണ്ണ റിപ്പോർട്ട് നൽകുന്നതിനുമുമ്പ് ഘടനാപരമായ മാറ്റം നിർദ്ദേശിക്കുന്ന ആദ്യഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറക്കിയതിനുള്ള അടിയന്തരസാഹചര്യം എന്തായിരുന്നു; | ബി) വിദ്യാഭ്യാസമേഖലയുടെ ഭാഗമായുള്ള വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങളാണ് റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരേ കോമ്പൗണ്ടിൽ വ്യത്യസ്ത മേധാവികളുടെ കീഴിൽ പ്രവർത്തിക്കുന്നതിലൂടെയുള്ള ഏകോപനമില്ലായ്മ സ്കൂൾ ഭരണ നിർവ്വഹണത്തിന് |

ധാരാളം പ്രതിസന്ധികൾ സൃഷ്ടിച്ചിരുന്നു. സ്കൂൾ ഒരു യൂണിറ്റായി കണ്ട് ഭരണമികവും അതിലൂടെ അക്കാദമിക മികവും കൈവരിക്കുകയെന്നത് ദീർഘകാലമായി പൊതുസമൂഹത്തിൽ നിലനിൽക്കുന്ന ഒരാവശ്യമായിരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ മുന്നോടിയായിട്ടാണ് വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകൾക്കുശേഷം ഏകീകരണം സംബന്ധിച്ച ഉത്തരവിറക്കിയത്.

(സി) പ്രീപ്രൈമറി മുതൽ പ്ലസ് ടു വരെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാൻ ലക്ഷ്യമിട്ട് നടത്തുന്ന ഈ പരിഷ്കരണത്തിന് മുന്നോടിയായി സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികളുടെയോ സംഘടനകളുടെയോ അഭിപ്രായം തേടിയിട്ടുണ്ടോ;

(സി) ഖാദർ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിവിധ തലത്തിലുള്ളവരുടെ അഭിപ്രായങ്ങൾ തേടിയിരുന്നു. ഭരണപരമായ ഒരു നടപടി എന്ന നിലയിലാണ് ഏകീകരണം സംബന്ധിച്ച് 31.05.2019-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിന് മുമ്പായി അദ്ധ്യാപക സംഘടനകൾ, സർവ്വീസ് സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, മാനേജ്മെന്റ് അസോസിയേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെയർപേഴ്സൺമാരുടെ പ്രതിനിധികൾ തുടങ്ങിവരുമായി ചർച്ച നടത്തി അവരുടെ അഭിപ്രായം തേടിയിട്ടുണ്ട്.

(ഡി) അക്കാഡമിക് ഗുണമേന്മയോടും ഭരണകാര്യക്ഷമതയോടും കൂടി പ്രവർത്തിച്ച് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് അഭിമാനമായ ഹയർസെക്കന്ററി വിഭാഗത്തെ സ്കൂൾ വിദ്യാഭ്യാസ വകുപ്പുമായി ലയിപ്പിച്ച് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ ഭാഗമാക്കുന്നത് ഹയർ സെക്കന്ററിയുടെ ഗുണനിലവാര തകർച്ചയ്ക്ക് കാരണമാകില്ലേയെന്ന് പരിശോധിച്ചിട്ടുണ്ടോ?

(ഡി) സ്കൂളുകളുടെ ഏകീകരണവും ഡയറക്ടറേറ്റുകളുടെ സംയോജനവും കൊണ്ട് നിലവിൽ സ്കൂൾ വിദ്യാഭ്യാസ മേഖല നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാകും. കൂടാതെ ഹയർ സെക്കന്ററി വിഭാഗത്തിന് ഓഫീസ് സൗകര്യം നൽകുന്നതും പ്രിൻസിപ്പലിന്റെ ജോലിഭാരം ക്രമീകരിക്കുന്നതും ആ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കും. ഇത് ആത്യന്തികമായി ഹയർസെക്കണ്ടറിയുടെ ഗുണനിലവാരം ഉയർത്തുന്നതിനാണ് സഹായിക്കുക.

സെക്ഷൻ ഓഫീസർ